Roll No. | | | |

# INDIAN SCHOOL SALALAH

## SECOND TERM EXAMINATION, FEB - MARCH 2026

**(MALAYALAM - 012)**

**Class: VII**      **Date: 09-03-26**

**Time: 3 HRS**      **Maximum Marks: 80**

---

**I. അർഥം എഴുതുക** **(10 X1/2=5)**

1. കൊറ്റ് 2. തിടുക്കം 3. ചിറ്റാട 4. പോംവഴി 5. അലർ

6. ഹരിതം 7. കേദാരം 8. ഓശ 9. ഇഹ 10. ജ്യോതിസ്

**II. പര്യായം എഴുതുക ( രണ്ടെണ്ണം വീതം )** **( 10 x 1= 10 )**

1.അന്തണൻ 2. ഉപ്പ് 3. മാവ് 4. വേര് 5. വെണ്ണ

6. മഞ്ഞൾ 7. ഗുരു 8. മഞ്ഞ് 9. കണ്ണ് 10. നീരലർ

**III. വിപരീതം എഴുതുക** **( 8 x 1 = 8 )**

1.വൃദ്ധൻ 2.പൊങ്ങുക 3.ആലസ്യം 4.ഫലം

5.സാന്നിധ്യം 6.മറക്കുക 7.കഠിനം 8.പുത്തൻ

**IV. എതിർലിംഗം എഴുതുക** **(5 X1=5)**

1. നെയ്ത്തുകാരൻ 2. പക്ഷി 3. യജമാനൻ 4. സുതൻ 5. ആചാര്യൻ

**V. അർത്ഥവ്യത്യാസം എഴുതുക** **( 5 X 1 = 5)**

1. കൊറ്റ് - കൊറ്റി 2. ഗുണം - ഗണം 3. ഓശ - ആശ

4. ഗൃഹം - ഗ്രഹം 5.കുന്ന് - കന്ന്

**( P T O )**

**VI. <u>നാനാർത്ഥം എഴുതുക</u>** **( 7 x 1 = 7 )**

1. ഗുരു 2. വട്ടം 3. മതം 4. പൂർവ്വം 5. ശീലം

6. പൂരം 7. കുറി

**VII. <u>പിരിച്ചെഴുതുക</u>** **(8 X1=8)**

1. വളരെത്തിന്നാം 2. ദുര്യോഗം 3. പൂത്തിരുവാതിര 4. ആദർശങ്ങൾ

5.കൊടുത്തയച്ചിട്ട് 6.ഞാണറ്റ് 7. മലീമസമായ 8.കൂറുണ്ടായത്

**VIII. <u>വിഗ്രഹിക്കുക</u>** **( 7x 1 = 7 )**

1. പുരസ്ഥിതി 2. സുഗന്ധദ്രവ്യങ്ങൾ 3. മഞ്ഞക്കുറി 4. ഗ്രാമച്ചന്ത

5. കടത്തിണ്ണ 6. പാൽവെണ്ണ 7. ഭക്ഷണവൈകല്യം

**IX. <u>ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക</u>** **(8 x 1 = 8 )**

1. “കാറ്റിൻ മകനുടെ കായമതിപ്പോൾ” -ആരാണ് കാറ്റിൻ മകൻ ?

( ഭീമൻ , ദുര്യോധനൻ , അർജുനൻ , കർണ്ണൻ )

2. ലോകത്തിലെ ഏറ്റവും പ്രതിരോധ ശേഷിയുള്ള വൃക്ഷങ്ങളിൽ ഒന്ന് ഏതാണ്?

( മാവ് , തേക്ക് , പ്ലാവ് , തെങ്ങ് )

3. കൃഷ്ണഗാഥ രചിച്ചത് ആര്?

( എസ് കെ പൊറ്റക്കാട്ട് , ചെറുശ്ശേരി , നമ്പ്യാർ , എഴുത്തച്ഛൻ )

4. കബീർ ഒരു പടി മുന്നിട്ടു നിന്നത് ഏത് കാര്യത്തിലാണ്?

( ദയയുടെ , നെയ്ത്തിൽ , വിഷ്ണു ഭക്തിയിൽ , പ്രാർഥനയിൽ

5. മുത്തണിഞ്ഞ് നിൽക്കുന്നത് എന്താണ്?

( മുത്തങ്ങപ്പുല്ല് , പൊയ്ക , വയൽ , ആകാശം ) **( P T O )**

6. “പുതപ്പ് കൈ വിട്ടതോടെ അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി”- ആരുടെ?

( മകൻറെ , കബീറിന്റെ , ഭാര്യയുടെ , മുത്തച്ഛന്റെ )

7. പീലികൊണ്ടെന്നെയടിച്ചാളമ്മ-ആരെയാണ് അമ്മ അടിച്ചത്?

( ബലരാമനെ , പശുക്കളെ , പാവകളെ , കണ്ണനെ )

8. സൂര്യൻ പാണ്ഡവർക്ക് സമ്മാനിച്ചതെന്ത്?

( വസ്ത്രങ്ങൾ , ഭക്ഷണം , അക്ഷയപാത്രം , ഫലമൂലാദികൾ )

## X. <u>രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക</u> ( 6 X 2 = 12 )

1. പാണ്ഡവന്മാർക്ക് കാട്ടിൽ പട്ടിണിയില്ലാതായത് എന്തുകൊണ്ട് ?

2. കൃത്രിമ ഭക്ഷണം വരുത്തിവയ്ക്കുന്ന അപകടങ്ങൾ എന്തെല്ലാം ?

3. എന്തൊക്കെ വസ്തുക്കളാണ് ചീത്തയാകാതെ സൂക്ഷിക്കണമെന്ന് പറഞ്ഞേൽപ്പിക്കുന്നത് ?

4. മുത്തച്ഛൻ കബീറിനോട് എന്താണ് ആവശ്യപ്പെട്ടത് ?

5. ഉള്ളം കോൾമയിർകൊകൊള്ളുന്നതെപ്പോഴാണ് ?

6. ആരെങ്കിലും പോരുമ്പോൾ എന്തെല്ലാം വസ്തുക്കൾ കൊടുത്തു വിടണമെന്നാണ് ശ്രീകൃഷ്ണൻ ആവശ്യപ്പെടുന്നത് ?

## XI. താഴെ തന്നിട്ടുള്ള ഗദ്യ ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (5X1=5)

ഒരു രാജ്യത്തിൻറെ ഏറ്റവും വലിയ സമ്പത്ത് അവിടുത്തെ ജനങ്ങളാണ്. അവർ മാനസികമായും ശാരീരികമായും നല്ല ആരോഗ്യമുള്ളവരായിരിക്കണം. നല്ല ആരോഗ്യം ഉണ്ടാവണമെങ്കിൽ നാം രോഗം വരാതെ നോക്കണം. രോഗങ്ങൾ വരാതിരിക്കണമെങ്കിൽ നാം പരിസരശുചിത്വം പാലിക്കേണ്ടതാണ്. രോഗ

ങ്ങൾ ഉണ്ടാകുന്നതും പരക്കുന്നതും വൃത്തിഹീനമായ പരിസരത്തു നിന്നാണ്. ചപ്പുചവറുകളും ആഹാരാവശിഷ്ടങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്നതു മൂലം മാലിന്യങ്ങൾ കുന്നുകൂടുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യുക , തുപ്പുക എന്നിവ മൂലം നമ്മുടെ പരിസരം വൃത്തിഹീനമാകുന്നു. വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിലൂടെ മലമ്പനി, മന്ത്, കോളറ, ടൈഫോയിഡ് എന്നിങ്ങനെ പല രോഗങ്ങളെയും ഇല്ലാതാക്കുവാൻ കഴിയും. ഈ രോഗങ്ങളെല്ലാം പരത്തുന്ന കൊതുക്, ഈച്ച എന്നിവ വൃത്തി ഹീനമായ പരിസരത്തു നിന്നാണ് ഉണ്ടാകുന്നത്. ചപ്പുചവറുകൾ കത്തിച്ചു കളയുകയോ കുഴികുത്തി മൂടി വളമാക്കുകയോ ചെയ്യേണ്ടതാണ്. മലിനജലം കെട്ടിക്കിടക്കാതെ നോക്കണം. അത് ഒഴുക്കിക്കളയുവാൻ മാർഗം സ്വീകരി ക്കണം. കിണർ ,കുളം എന്നീ ജലസ്രോതസ്സുകളും അവയുടെ പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ ജലത്തിലൂടെ പകരുന്ന പല രോഗങ്ങളെയും തടയാം. നല്ല ശുചിത്വശീലമുള്ളവരായി ,പരിസരം വൃത്തിയായി സൂക്ഷിച്ച് നമുക്ക് നമ്മുടെ ജീവിതത്തെ ധന്യമാക്കാം.

**<u>ചോദ്യങ്ങൾ</u>**

1. എങ്ങനെയുള്ള ജനങ്ങളാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ?
2. വൃത്തിഹീനമായ പരിസരത്തു നിന്നും ഉണ്ടാകുന്ന കൊതുക്, ഈച്ച മുതലായവ പരത്തുന്ന രോഗങ്ങളേവ ?
3. പരിസരശുചീകരണത്തിനുള്ള രണ്ട് മാർഗങ്ങളെഴുതുക ?
4. ജലത്തിലൂടെ പകരുന്ന രോഗങ്ങളെ എങ്ങനെ തടയാം ?
5. രോഗങ്ങൾ ഉണ്ടാകുന്നതെങ്ങനെ ?

**********************************************************